# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

<u>2017 മേയ് 22, തിങ്കൾ</u>

**നമ്പർ 75**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

<u>ചോദ്യങ്ങൾ</u> :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

<u>ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്</u> :

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 2017 മേയ് 15-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 410-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തുന്ന സ്റ്റേറ്റ്മെന്റും തിരുത്തിയ ഉത്തരവും ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് മേശപ്പുറത്തു വച്ചു.

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2017 മേയ് 8-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 2300-ാം നമ്പർ ചോദ്യത്തിനും 2017 മേയ് 15-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 3589-ാം നമ്പർ ചോദ്യത്തിനും നൽകിയ ഉത്തരങ്ങളിൽ വന്ന തെറ്റ് തിരുത്തുന്ന സ്റ്റേറ്റ്മെന്റുകളും തിരുത്തൽ വരുത്തിയ ഉത്തരങ്ങളും യഥാക്രമം പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും, തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണനും മേശപ്പുറത്തു വച്ചു.

<u>അടിയന്തരപ്രമേയം</u> :

സംസ്ഥാനത്ത് H1N1 പനി പടരുന്നത് നിയന്ത്രിക്കാനുള്ള ഫലപ്രദമായ സംവിധാനം ആശുപത്രികളിൽ ഏർപ്പെടുത്താത്തതിനാൽ മരണസംഖ്യ ഉയരുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി.എസ്. ശിവകുമാറും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

KNPP. 938/2017.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപ്പോയി.

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് ശിശുക്ഷേമ സമിതിയുടെ നിയന്ത്രണത്തിലുള്ള ക്രഷെകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. കെ. ശശി ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ശബരി റെയിൽപാത ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പുതിയ റെയിൽ പാതകൾ യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന ഫണ്ട് വിഹിതം ഉറപ്പാക്കേണ്ടതിന്റെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. ഒ. രാജഗോപാൽ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. പി.ടി. എ. റഹീം | കോഴിക്കോട് കാരന്തൂർ മർക്കസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ നിന്നും വ്യാജ ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകിയത് | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. സ്വരാജ് | അത്രൂർ, കുമ്പളം ടോൾപ്ലാസാ വികസനം | മുഖ്യമന്ത്രി |
| 3 | ശ്രീ. അൻവർ സാദത്ത് | ആലുവയിൽ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. മുരളി പെരുനെല്ലി | തൃശ്ശൂർ സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ അതിക്രമിച്ചു കടന്ന് ഫയലുകൾ നശിപ്പിച്ചത് | മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| 5 | ശ്രീ.വി.എസ്. അച്യുതാനന്ദൻ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി കരാർ | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. പുരുഷൻ കടലുണ്ടി | കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് കോംപ്ലക്സുകളിൽ മൾട്ടിപ്ലക്സ് തീയേറ്ററുകൾ അനുവദിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ.ചിറ്റയം ഗോപകുമാർ | അടൂർ ജനറൽ ആശുപത്രിയുടെ സമഗ്ര വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. അനിൽ അക്കര | പുഴയ്ക്കൽ പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ.എൽദോസ് കുന്നപ്പിള്ളി | കാലടിയിലെ ശ്രീശങ്കരാപാലത്തിന് സമാന്തരമായുള്ള പാലത്തിന്റെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ.കൃഷ്ണൻകുട്ടി | കരിമണൽ ഉപയോഗിച്ച് കേരളത്തിന് ഗുണകരമായ പദ്ധതികൾ നടപ്പിലാക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 11 | ശ്രീ. എം. വിൻസെന്റ് | പുല്ലുവിളയിൽ തെരുവു നായ്ക്കളുടെ ആക്രമണംമൂലം മത്സ്യത്തൊഴിലാളി മരണപ്പെട്ടത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസുകൾ</u> :

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2016 മാർച്ചിൽ അവസാനിച്ച വർഷത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടും ജനറൽ, സോഷ്യൽ സെക്ടറിനെക്കുറിച്ചുള്ള റിപ്പോർട്ടും ധനകാര്യവും കയറും വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തു വച്ചു.

റിപ്പോർട്ടുകളുടെ സമർപ്പണം :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :

1. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

2. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

3. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ നാൽപ്പത്തി ഒന്നാമത് റിപ്പോർട്ട്.

ധനകാര്യം :

2017-2018 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക് സഭയുടെ മേശപ്പുറത്തു വച്ചു.

നിയമനിർമ്മാണകാര്യം :

2017-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം :

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ.ടി.എം. തോമസ് ഐസക് 2017-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചു പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. വി. ഡി. സതീശനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഡോ.എം.കെ. മുനീറും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു :

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. ഐ. ബി. സതീഷ്

ഡോ. എൻ. ജയരാജ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. സി. കെ. നാണു

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. എം. ഉമ്മർ

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. വി. ഡി. സതീശൻ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ.ടി.എം. തോമസ് ഐസക് മറുപടി പറഞ്ഞു. പ്രമേയത്തിന് അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു തുടർന്ന് ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയച്ചു.

2017 മേയ് 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 3.43-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

## Fifth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, May 22, 2017.*

**No. 75**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions :*

Four questions in the list of questions posted for the day were answered orally.

*Correction of answer to Questions* :

The statement correcting the answer to starred question No. 410 dated May 15, 2017 of the Fifth Session of the Fourteenth Kerala Legislative Assembly and the corrected answer were laid on the table by Shri Mathew T. Thomas, Minister for Water Resources.

The statements correcting the answer to unstarred question Nos. 2300 dated May 8, 2017 and 3589 dated May 15, 2017 of the Fifth Session of the Fourteenth Kerala Legislative Assembly and the corrected answer were laid on the table by Shri G. Sudhakaran, Minister for Public Works and Registration and Shri T. P. Ramakrishnan, Minister for Labour and Excise respectively.

*Adjournment Motion* :

After hearing the Minister for Health and Social Justice, the Speaker withheld consent to the moving of an adjournment motion given notice of by Shri V. S. Sivakumar and two other Members regarding the serious situation reported to have arisen due to non-implementation of effective control measures in hospitals to control the spreading of H1 N1 fever in the State.

In protest against the attitude of the Government in this matter the Members belonging to the opposition staged a walkout.

KNPP. 938/2017(J)

*Calling Attention* :

(1) Shri P. K. Sasi called the attention of the Minister for Health and Social Justice to the necessity to improve the functioning of creches under the control of Child Welfare Committee by resolving the prevailing drawbacks. The Minister made a statement thereto.

(2) Shri O. Rajagopal called the attention of the Minister for Public works and Registration to the necessity to ensure the State share of fund and expedite land acquisition procedure for materialising the various new railway lines in the State, including the Sabari Rail line.The Minster made a statement thereto.

***The matters raised by Members under Rule 304*** :

The matters raised by Members in the House under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. പി.ടി. എ. റഹീം | കോഴിക്കോട് കാരന്തൂർ മർക്കസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ നിന്നും വ്യാജ ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകിയത് | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. സ്വരാജ് | അത്തൂർ, കുമ്പളം ടോൾപ്ലാസാ വികസനം | മുഖ്യമന്ത്രി |
| 3 | ശ്രീ. അൻവർ സാദത്ത് | ആലുവയിൽ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. മുരളി പെരുനെല്ലി | തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ അതിക്രമിച്ചു കടന്ന് ഫയലുകൾ നശിപ്പിച്ചത് | മുഖ്യമന്ത്രി |
| 5 | ശ്രീ.വി.എസ്. അച്ചുതാനന്ദൻ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി കരാർ | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. പുരുഷൻ കടലുണ്ടി | കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് കോംപ്ലക്സുകളിൽ മൾട്ടിപ്ലക്സ് തിയേറ്ററുകൾ അനുവദിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7 | ശ്രീ.ചിറ്റയം ഗോപകുമാർ | അടൂർ ജനറൽ ആശുപത്രിയുടെ സമഗ്ര വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. അനിൽ അക്കര | പുഴയ്ക്കൽ പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ.എൽദോസ് കുന്നപ്പിള്ളി | കാലടിയിലെ ശ്രീശങ്കരാപാലത്തിന് സമാന്തരമായുള്ള പാലത്തിന്റെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ.കൃഷ്ണൻകുട്ടി | കരിമണൽ ഉപയോഗിച്ച് കേരളത്തിന് ഗുണകരമായ പദ്ധതികൾ നടപ്പിലാക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 11 | ശ്രീ. എം. വിൻസെന്റ് | പുല്ലുവിളയിൽ തെരുവു നായ്ക്കളുടെ ആക്രമണം മൂലം മത്സ്യത്തൊഴിലാളി മരണപ്പെട്ടത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers laid on the Table* :

The Reports of the Comptroller and Auditor General of India on Local Self-Government Institutions and General and Social Sector for the year ended March 2016 were laid on the table by the Minister of Finance and Coir.

*Presentation of Reports* :

The following Reports were presented :

1. The Periodical Report of the Subject Committee-XII as on 31st March 2017.

2. The Report of the Subject Committee-XII on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.

3. The Forty First Report of the Committee on Public Undertakings.

*Financial Business* :

Dr. T. M. Thomas Isaac, Minister for Finance and Coir laid on the Table the Supplementary Financial Statement in the Budget for the Financial Year 2017-2018.

*Legislative Business* :

*Motion for reference of the Kerala Finance Bill, 2017 to Subject Committee* :

Dr. T. M. Thomas Isaac, Minister for Finance and Coir moved that the Kerala Finance Bill, 2017 be referred to the Subject Committee VIII-Economic Affairs for its consideration. Shri V. D. Satheesan moved an amendment to circulate the Bill for eliciting public opinion and Dr. M. K. Muneer moved another amendment for referring the Bill to a Select Committee

The following Members took part in the discussion :

Shri V. K. C. Mammed Koya

Shri Shafi Parambil

Shri E. T. Taison Master

Shri V. K. Ebrahim Kunju

Shri I. B. Satheesh

Dr. N. Jayaraj

Shri C. K. Hareendran

Shri O. Rajagopal

Shri C. K. Nanu

Shri K. S. Sabarinathan

Shri K. D. Presenan

Smt. E. S. Bijimol

Shri M. Ummer

Shri A. Pradeepkumar

Shri V. D. Satheesan

DR. T. M. Thomas Isaac, Minister for Finance and Coir replied to the points raised in the discussion. The amendments moved were withdrawn by the leave of the House. The Bill was then referred to Subject Committee-VIII-Economic Affairs.

The House adjourned at 3.43 p.m. to meet again 8.30 a.m. on Tuesday, May 23, 2017.

V. K. BABU PRAKASH,
*Secretary.*